പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: **119**

26.09.2011 ൽ മറുപടിയ്ക്ക്

**പൊന്നാനി പുഴമ്പ്രം പ്രദേശത്തെ വീട് കയറി ആക്രമണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഇക്കഴിഞ്ഞ 7-ാം തീയതി പൊന്നാനി പുഴമ്പ്രം പ്രദേശത്ത് വീട് കയറി സ്ത്രീകളും കുട്ടികളും അടക്കമുള്ളവരെ ആക്രമിച്ച ഗുണ്ടാസംഘങ്ങളെ തടയാൻ ശ്രമിച്ച വാർഡ് കൗൺസിലർ ശ്രീ. മുഹമ്മദ് കുഞ്ഞിയെ ആക്രമിച്ച പ്രതികൾക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്നറിയിക്കുമോ ; | (എ) | 07.09.2011 തീയതി രാത്രി 8.30 മണിക്ക് പൊന്നാനി പുഴമ്പ്രം എന്ന സ്ഥലത്ത് വച്ചുണ്ടായ സംഭവവുമായി ബന്ധപ്പെട്ട് പൊന്നാനി പോലീസ് സ്റ്റേഷനിൽ ക്രൈം 477/11 u/s 143, 147, 148, 341, 323, 324, 294 (b) R/W 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളായ (1) അബ്ദുൾ റസാക്ക് (2) മുഹമ്മദ് ബഷീർ (3) ആസിഫ് എന്നിവരെ അറസ്റ്റ് ചെയ്തിട്ടുമുണ്ട്. കണ്ടാലറിയുന്ന ഇരുപതോളം പേർ പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം സംഭവങ്ങളിൽ പോലീസ് പാലിക്കുന്ന നിസ്സംഗത അവസാനിപ്പിച്ച് ശക്തമായ നടപടി സ്വീകരിക്കുമോ ; | (ബി) & (സി) | ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യുകയും അക്രമപ്രവർത്തനങ്ങൾ ഇല്ലാതാക്കാനും ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ജനപ്രതിനിധി അടക്കമുള്ളവരെ ആക്രമിക്കുന്ന ഗുണ്ടാസംഘങ്ങളെ അമർച്ച ചെയ്യാനും അവരെ ഇല്ലാതാക്കാനും നടപടി സ്വീകരിക്കുമോ ? | | |

Joseph

സെക്ഷൻ ഓഫീസർ